**എം ജി ബിരുദ ഏകജാലകം: ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് അവസാനിക്കും. സാധ്യതാ അലോട്മെന്റ് 18 നു പ്രസിദ്ധീകരിക്കും.**

എം ജി സർവ്വകലാശാലയോട് അഫിലിയേറ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കും ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുമുള്ള കേന്ദ്രീകൃത പ്രവേശനത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (13/ 08 / 2021 ) 4 .00 പി എം നു അവസാനിക്കും. സാധ്യതാ അലോട്മെന്റ് ഈ മാസം 18 നു പ്രസിദ്ധീകരിക്കും. ഓൺലൈൻ അപേക്ഷയിലെ പേര്, രജിസ്റ്റർ നം , പരീക്ഷാ ബോർഡ്, മൊബൈൽ നം, ഇ മെയിൽ ഐ ഡി, സംവരണ വിഭാഗം എന്നിവയൊഴികെയുള്ള വിവരങ്ങൾ തിരുത്തിന്നതിനും ഓപ്ഷനുകൾ പുതുതായി നൽകുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനുമുള്ള സൗകര്യം ട്രയൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം 18 / 08 / 2021 മുതൽ 24 / 08 / 2021 വരെയുള്ള കാലയളവിൽ ലഭ്യമായിരിക്കുന്നതാണ്. ഏതെങ്കിലും സർട്ടിഫിക്കറ്റിന്റെ ഡിജിറ്റൽ പകർപ്പ് അപ് ലോഡ് ചെയ്യുന്നതിന് സാധിക്കാതിരുന്നവർക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യുന്നതിനും 18 / 08 / 2021 മുതൽ 24 / 08 / 2021 വരെയുള്ള കാലയളവിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്